(എഫ്) ഇവരിൽ നിന്നും കോടതി തെളിവെടുപ്പ് നടത്തുകയുണ്ടായോ ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എം. കെ. പ്രേമചന്ദ്രൻ) : സർ,

(എ&ബി) സന്ദർശിച്ചു. മുല്ലപ്പെരിയാറിന്റെ പ്രധാന അണക്കെട്ടും ബേബിഡാമും എർത്ത് ഡാമും ഇൻസ്പെക്ഷൻ ഗാലറിയും സ്പിൽവേയും നിലവിലുള്ള ഡാമിന് മുൻഭാഗത്ത് നിന്നും 1300 അടി അകലെയുള്ള കേരളം നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന പുതിയ ഡാം സൈറ്റും ഉന്നതാധികാര സമിതി പരിശോധിച്ചു.

(സി) സന്ദർശന വേളയിൽ ഹിയറിംഗും സിറ്റിങ്ങും ഉണ്ടായിരിക്കുന്നതല്ല എന്ന് ഉന്നതാധികാര സമിതി മുൻകൂട്ടി അറിയിച്ചിരുന്നതിനാൽ തെളി വെടുപ്പൊന്നും നടന്നിട്ടില്ല.

(ഡി&ഇ) ഉണ്ട്. കേരളം സുപ്രീംകോടതി മുമ്പാകെ സമർപ്പിച്ച ഐ.എ.നമ്പർ. 10/2009 പ്രകാരം റൂർക്കി ഐ.ഐ.റ്റി.യിലെ പ്രൊഫസർമാരെ സാക്ഷികളായി വിസ്തരിക്കാൻ അനുവാദം ചോദിച്ചിരുന്നു. കൂടാതെ സുപ്രീംകോടതി നിയോഗിച്ച ഉന്നതാധികാര സമിതി മുമ്പാകെ ഡോ. പോൾ, ഡോ. കെ. ശർമ്മ എന്നീ ഐ.ഐ.റ്റി. റൂർക്കിയിലെ പ്രൊഫസർമാരെയും കേരള ജലസേചന വകുപ്പിലെ മുൻ ചീഫ് എഞ്ചിനീയർ ശ്രീമതി എ. കോമളവല്ലി അമ്മയേയും സാക്ഷിയായി ചേർക്കണമെന്ന് കേരളം അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ ബഹു. സുപ്രീംകോടതി ഐ.ഐ.റ്റി. റൂർക്കിയിലെ പ്രൊഫസർമാരെ സാക്ഷികളാക്കുന്ന അപേക്ഷ നിരാകരിക്കുകയുണ്ടായി. എന്നാൽ ഉന്നതിധികാര സമിതി മുമ്പാകെ സമർപ്പിച്ച മേൽപ്പറഞ്ഞ സാക്ഷികളെ ഉൾപ്പെടുത്താനുള്ള അപേക്ഷ പരിഗണിക്കാനിരിക്കുന്നതേയുള്ളൂ.

(എഫ്) ഇല്ല.

## കെ.ടി.ഡി.എഫ്.സി.യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി

5(*219) ശ്രീ. എ. എം. യൂസഫ്:
ശ്രീ. വി. ജെ. തങ്കപ്പൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കെ.ടി.ഡി.എഫ്.സി.യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) കോർപ്പറേഷൻ എത്തെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നത് ;

(സി) ബി.ഒ.ടി. അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി. ബസ് ടെർമിനലുകൾ ആരംഭിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ വിശദമാക്കുമോ :

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കെ.ടി.ഡി.എഫ്.സി. റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന് എത്ര കോടി രൂപ വായ്പ അനുവദിച്ചിട്ടുണ്ട് ;

(ഇ) കെ.ടി.ഡി.എഫ്.സി. യുടെ പ്രവർത്തനം ലാഭകരമാണോ എന്ന് വ്യക്തമാക്കുമോ ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ) : സർ,

(എ) കെ.ടി.ഡി.എഫ്.സി.യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് വേണ്ടി നിരവധി നടപടികൾ സ്വീകരിച്ചുവരുന്നു.

കെ.ടി.ഡി.എഫ്.സി. പ്രവർത്തന മേഖല മെച്ചപ്പെടുത്തുന്നതിനും വിപുലീകരിക്കുന്നതിനുമായി ബി.ഒ.ടി. അടിസ്ഥാനത്തിൽ പദ്ധതികൾ ഏറ്റെടുത്ത് നടത്തിവരുന്നു. കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തന മൂലധനത്തിനും ബസ്സുകൾ വാങ്ങുന്നതിനും മറ്റുമായി കെ.എസ്.ആർ.ടി.സി.ക്ക് കെ.ടി.ഡി.എഫ്.സി. വായ്പകൾ നൽകിവരുന്നു.

കൂടാതെ കെ.ടി.ഡി.എഫ്.സി.യിലെ അപ്രൂവ്ഡ് സർവ്വീസ് റൂൾസ് പ്രകാരമുള്ള 143 തസ്തികകൾ അധികമാണെന്ന് കണ്ട് സ്ഥാപനത്തിന്റെ ഭരണ നിർവ്വഹണ ചെലവുകൾ കുറയ്ക്കുന്നതിനും പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും മറ്റുമായി കെ.ടി.ഡി.എഫ്.സി.യിലെ സ്റ്റാഫ് സ്ട്രെങ്ത് 67 തസ്തികകളായി പുനഃക്രമീകരിച്ച് ഉത്തരവായിട്ടുണ്ട്.

കെ.ടി.ഡി.എഫ്.സി.യുടെ പ്രവർത്തനം മെച്ചപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ വായ്പകൾ എടുത്തിട്ടുള്ളവരുടെ പരാതികൾ പരിഹരി ക്കുന്നതിനു വേണ്ടി പുതുതായി ഒരു ഗ്രീവൻസ് റിഡ്രസ്സൽ കമ്മിറ്റി കെ.ടി.ഡി.എഫ്.സി.യിൽ രൂപീകരിച്ചിട്ടുണ്ട്. എല്ലാ നടപടിക്രമങ്ങളും പാലിച്ചു എന്ന് ഉറപ്പുവരുത്തിയശേഷമാണ് കെ.ടി.ഡി.എഫ്.സി. ലോണുകൾ അനുവദിക്കുന്നത്.

സുതാര്യത ഉറപ്പുവരുത്തുന്നതിനായി കെ.ടി.ഡി.എഫ്.സി.യുടെ എല്ലാ ബി.ഒ.ടി. പദ്ധതികളും ടെന്ററിംഗ് വഴിയാണ് നടപ്പിലാക്കുന്നത്. കൂടാതെ കെ.ടി.ഡി.എഫ്.സി.യുടെ വിവിധ പദ്ധതികൾക്കും, കെ.എസ്.ആർ.ടി.സി.ക്ക് ആവശ്യമായ ലോണുകൾ ലഭ്യമാക്കുന്നതിനും കൂടുതൽതുകകൾ പൊതുജനങ്ങളിൽ നിന്നും സമാഹരിക്കുവാനും വേണ്ടി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഫിക്സഡ് ഡിപ്പോസിറ്റുകൾക്കുള്ള ഗ്യാരന്റി ലിമിറ്റ് 1000 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

കെ.ടി.ഡി.എഫ്.സി.യിൽ നിന്നും നൽകിയിട്ടുള്ള ലോണുകൾ തിരിച്ചടവ് അടയ്ക്കുന്നതിൽ വീഴ്ചവരുത്തിയിട്ടുള്ള വായ്പക്കാരിൽ നിന്നും കുടിശ്ശിക തുക ഈടാക്കുന്നതിനുവേണ്ടി റിക്കവറി നടപടികൾ ഊർജ്ജിത പ്പെടുത്തിയിട്ടുണ്ട്. ആയതിലേക്കായി കുടിശ്ശിക വരുത്തിയിട്ടുള്ള വായ്പ ക്കാർക്കെതിരെ ചെക്ക് കേസ്സുകൾ, സാലറി റിക്കവറി നടപടികൾ, റവന്യൂ റിക്കവറി നടപടികൾ എന്നിവ എടുത്തു വരുന്നു. കെ.ടി.ഡി.എഫ്.സി.-യുടെ

LIBRARY ARCHIVES Kerala Legislative Assembly

ആദ്യത്തേതും പൂർണ്ണമായതും പ്രവർത്തന സജ്ജവുമായ ബി.ഒ.ടി. സംരംഭമായ കെ.ടി.ഡി.എഫ്.സി. ഹെഡ്ഓഫീസ് കൂടി സ്ഥിതി ചെയ്യുന്ന വഴുതക്കാട്ടുള്ള ട്രാൻസ് ടവർ ബിൽഡിംഗിലെ ഒഴിഞ്ഞു കിടന്നിരുന്ന സ്ഥലങ്ങൾ കൂടി പൂർണ്ണമായും വിവിധ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും വാടകയ്ക്ക് നൽകുവാൻ ഇപ്പോൾ കഴിഞ്ഞിട്ടുള്ളതാണ്.

കൂടാതെ കെ.ടി.ഡി.എഫ്.സി. പ്രവർത്തനം മെച്ചപ്പെടുത്തുക എന്നുള്ള ലക്ഷ്യത്തോടുകൂടി പ്രോജക്ട്/കൺസ്ട്രക്ഷൻ ലോണുകൾ നൽകിവരുന്നതിന് പ്രത്യേകം ശ്രദ്ധചെലുത്തിവരുന്നു. കൂടാതെ, സർക്കാർ നിർദ്ദേശപ്രകാരം ടാഗോർ തീയറ്ററിന്റെ ആധുനികവത്ക്കരണം കെ.ടി.ഡി.എഫ്.സി. ഏറ്റെടുത്ത് നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പൊതുജനങ്ങളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ആർ.ബി.ഐ. നിർദ്ദേശങ്ങൾ പാലിച്ച് ഡിപ്പോസിറ്റ് സ്വീകരിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി. ക്ക് ലോണുകൾ നൽകിവരുന്നു. വാഹനവായ്പകൾ, പ്രോജക്ട്/കൺസ്ട്രക്ഷൻ ലോണുകൾ, ഹൗസിംഗ് ലോണുകൾ എന്നിവ നൽകിവരുന്നു.

കെ.എസ്.ആർ.ടി.സി.യുമായി ചേർന്നുകൊണ്ട് ബി.ഒ.ടി. അടിസ്ഥാനത്തിൽ അങ്കമാലി, കോഴിക്കോട്, തിരുവനന്തപുരം സെൻട്രൽ, തിരുവല്ല എന്നിവിടങ്ങളിലെ ബസ്സ് സ്റ്റേഷനുകളിൽ ബസ്സ് ടെർമിനൽ കോംപ്ലക്സുകൾ കെ.ടി.ഡി.എഫ്.സി. നിർമ്മിച്ചുവരുന്നു. കൂടാതെ മലപ്പുറം, കരുനഗപ്പള്ളി ബസ്സ് സ്റ്റേഷനുകളിൽ ബസ്സ് ടെർമിനൽ കോംപ്ലക്സ് ബി.ഒ.ടി. അടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ നടന്നുവരുന്നു.

സർക്കാർ നിർദ്ദേശപ്രകാരം തിരുവനന്തപുരത്തുള്ള ടാഗോർ തീയറ്ററിന്റെ ആധുനികവത്ക്കരണം കെ.ടി.ഡി.എഫ്.സി. ഏറ്റെടുത്ത് നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കെ.എസ്.ആർ.ടി.സി.യുടെ ബസ്സ് സ്റ്റേഷനുകളിൽ ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി. നേരിട്ടും, ബി.ഒ.ടി. അടിസ്ഥാനത്തിലും വാണിജ്യ പ്രാധാന്യമുള്ള സ്ഥലങ്ങളിൽ ഒന്നാം ഘട്ടമായി 30 ബസ്സ് സ്റ്റേഷനുകളിലും ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ച് പ്രവർത്തിപ്പിക്കുന്നതിനാണ് വിഭാവനം ചെയ്യുന്നത്. ഒന്നാം ഘട്ടമായി അങ്കമാലി, കോഴിക്കോട്, തിരുവനന്തപുരം സെൻട്രൽ(തമ്പാനൂർ), പേരൂർക്കട, സ്റ്റാഫ് ട്രെയിനിംഗ് സെന്റർ(ഫോർട്ട്, തിരുവനന്തപുരം), മലപ്പുറം, തിരുവല്ല, കരുനാഗപ്പള്ളി എന്നീ ബസ് സ്റ്റേഷനുകളിലെ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം ബി.ഒ.ടി. അടിസ്ഥാനത്തിൽ കെ.ടി.ഡി.എഫ്.സി. മുഖേന ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിൽ അങ്കമാലി ഷോപ്പിംഗ് കോംപ്ലക്സിന്റെ

LIBRARY ARCHIVES Kerala Legislative Assembly

നിർമ്മാണം അന്തിമഘട്ടത്തിലാണ്. ഉദ്ഘാടനം ജനുവരിയിൽ നടക്കും. കോഴിക്കോട്, തിരുവല്ല, തിരുവനന്തപുരം സെൻട്രൽ എന്നിവിടങ്ങളിൽ പണി ആരംഭിച്ച് പുരോഗതിയിലാണ്.

(ഡി) കെ.എസ്.ആർ.ടി.സി.ക്ക് 2001-02 മുതൽ നാളിതുവരെ 1526.54 കോടി രൂപ നൽകിയിട്ടുണ്ട്.

(ഇ) കെ.ടി.ഡി.എഫ്.സി.യുടെ ഫൈനലൈസ് ചെയ്ത അക്കൗണ്ടുകൾ പ്രകാരം 2007-08 സാമ്പത്തിക വർഷം ഒഴികെ മറ്റെല്ലാ വർഷങ്ങളിലും കെ.ടി.ഡി.എഫ്.സി. ലാഭത്തിലാണ്.

## അർബുദരോഗ ചികിത്സാ സൗകര്യങ്ങൾ

ശ്രീ. വി. ചെന്താമരാക്ഷൻ:
ശ്രീ. പി. വിശ്വൻ :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അർബുദരോഗ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ക്യാൻസർ രോഗനിർണ്ണയത്തിന് കൂടുതൽ കേന്ദ്രങ്ങൾ അനുവദിക്കുമോ ;

(സി) സംസ്ഥാനത്ത് എവിടെയെല്ലാമാണ് ക്യാൻസർ രോഗത്തിന് ഗവേഷണവും ചികിത്സാ സൗകര്യമുള്ളത് ;

(ഡി) തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടന്നുവരുന്നത് ;

(ഇ) റീജിയണൽ ക്യാൻസർ സെന്ററിലെ തിരക്ക് കുറയ്ക്കുന്നതിന് എല്ലാ മെഡിക്കൽ കോളേജ് ആശുപത്രികളിലും ജില്ലാ ആശുപത്രികളിലും വിദഗ്ദ്ധ ചികിത്സാ സൗകര്യങ്ങൾ ഒരുക്കുമോ ?

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി(ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) : സർ,

(എ) റീജിയണൽ കാൻസർ സെന്ററിൽ അർബുദരോഗ ചികിത്സക്ക് ആവശ്യമായ ഒട്ടുമിക്ക രോഗ നിർണ്ണയ ചികിത്സാ സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. അത്യാധുനികവും, സാങ്കേതികമികവുമുള്ള എം.ആർ.സ്കാനർ, സി.റ്റി.സ്കാൻ മെഷീനുകൾ, അൾട്രാസോണോഗ്രാഫി മെഷീനുകൾ, ബോൺ സ്കാനർ, റേഡിയോ തെറാപ്പി മെഷീനുകൾ,

LIBRARY ARCHIVES Kerala Legislative Assembly